# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD-11/412/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD-11/412/2022 തീയ്യതി: 19/02/2022

## പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2020 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-01-2022 | 19-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 19-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് എ.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷർഫുദ്ദീൻ എസ്.എച്ച്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.കെ.വി സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.വി.ഗോപിനാഥ് | പ്രസിഡന്റ് | 01-04-2019 | 15-12-2019 |
| ശ്രീ.രവീന്ദ്രനാഥൻ | പ്രസിഡന്റ് | 16-12-2019 | 31-03-2020 |
| ശ്രീ.ബാബു.ഒ.എ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.ടി..മോഹനൻ | കൃഷി ഓഫീസർ | 01-04-2019 | 04-05-2019 |
| ശ്രീ.രാജൻ | കൃഷി ഓഫീസർ | 05-05-2019 | 25-09-2019 |
| ശ്രീമതി.സജ്ന | കൃഷി ഓഫീസർ | 26-09-2019 | 08-12-2019 |
| ശ്രീ.രാജൻ | കൃഷി ഓഫീസർ | 09-12-2019 | 10-01-2020 |
| ശ്രീ.ഉണ്ണി രാം | കൃഷി ഓഫീസർ | 11-01-2020 | 31-03-2020 |
| ശ്രീമതി.വിദ്യ.കെ.കെ | അസി. എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.പ്രവീൺ. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജ.കെ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.സജിന കോമാട്ടിൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-05-2019 |
| ഡോ.സുമയ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2019 | 31-03-2020 |
| കൃഷ്ണകുമാരൻ.എം.വി. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.വെങ്കിടാചലം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 16-09-2019 |
| ശ്രീ.ബിന്റോ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-09-2019 | 31-03-2020 |
| ശ്രീമതി.പ്രമീളകെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്മിത.കെ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അനൂപ്.പി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 29-11-2019 |
| ശ്രീ.റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.അഞ്ജു അന്ന ജെയിംസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 30-07-2019 |
| ഡോ.ശ്രീജിഷ.എസ് | വെറ്ററിനറി സർജ്ജൻ | 31-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 25-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A B Suresh (Asst. Audit Officer, On 24-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.V.Rajan (Senior Grade Auditor, On 14-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A B Suresh (Asst. Audit Officer, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-10 |
| 12 | ജിയോ ഇൻഫ്രാടെൽ മൊബൈൽ ടവർ - വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-11 |
| 13 | ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകൽ - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-12 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-13 |
| 15 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-14 |
| 16 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി | 1-15 |

| | | |
|---|---|---|
| | Written By: A B Suresh (Asst. Audit Officer, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | |
| 17 | വെറ്ററിനറി സർജ്ജൻ -പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-16 |
| 18 | പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-മാർഗ നിർദ്ദേശം പാലിച്ചില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-17 |
| 19 | പാലിന് സബ്സിഡി പ്രൊജക്ട് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു<br>Written By: K.P.Ramakrishnan (Asst. Audit Officer, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-18 |
| 20 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-19 |
| 21 | സംയുക്ത പ്രോജക്ടുകൾ- വരവ് -ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 04-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-20 |
| 22 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില കുറവ് ചെയ്തില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 07-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-21 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 08-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 09-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 24-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 09-02-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 17-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2019 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

31.01.20 ലെതീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5140355.00 |
| തൻവർഷം വരവ് | 222191567.00 |
| ആകെ വരവ് | 227331922.00 |
| ചെലവ് | 203134141.00 |
| നീക്കിയിരിപ്പ് | 24197781.00 |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 10-06.2020 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1.പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ വരവ്- ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3.സംയുക്ത പ്രോജക്റ്റുകളുടെ അക്കൗണ്ട് പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14684068 |
| വരവ് | ₹50739934 |

| | |
|---|---|
| ആകെ | ₹65424002 |
| ചെലവ് | ₹47611674 |
| നീക്കിയിരിപ്പ് | ₹17812328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11182921 | 11182921 | 8731239 | 2451682 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12792588 | 12792588 | 3726542 | 9066046 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 15261000 | 15261000 | 787560 | 14473440 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 3495000 | 3495000 | 1170944 | 2324056 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9324299 | 9324299 | 3135834 | 6188465 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 693413 | 0 | 693413 | 150000 | 543413 |
| ICDS | 948731 | 828332 | 1777063 | 1099914 | 677149 |
| ലൈഫ് -സംസ്ഥാന വിഹിതം | 0 | 6000000 | 6000000 | 6000000 | 0 |

ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ (2019-20)

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 175/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി | 14706 | വികസന ഫണ്ട് (എസ്.സി.പി |
| 2 | 171/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 1014706 | വികസന ഫണ്ട് (ജനറൽ) |
| 3 | 174/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 14706 | വികസന ഫണ്ട് (എസ്.സി.പി |
| | ആകെ | 1044118 | |

ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടെയുള്ള വരവുചെലവുകൾ

| ഫണ്ട് | ACR പ്രകാരം | Source ൽ കുറവു ചെയ്തത് | യഥാർത്ഥ വരവ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ)- വരവ് | 11182921 | 1014706 | 12197627 |
| വികസന ഫണ്ട് (ജനറൽ)- ചെലവ് | 8731239 | 1014706 | 9745945 |
| വികസന ഫണ്ട് (എസ്.സി.പി)- വരവ് | 12792588 | 29412 | 128222000 |
| വികസന ഫണ്ട് (എസ്.സി.പി)- | 3726542 | 29412 | 3755954 |

| ചെലവ് | | | |
|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 102634361 | 56 | 34889399 | 0 | 96 | 37 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 7602500 | 4047257 | 53 |
| വെറ്ററിനറി സർജ്ജൻ | 4 | 2 | 554000 | 83030 | 15 |
| മെഡിക്കൽ ഓഫീസർ- PHC | 4 | 4 | 700000 | 684564 | 98 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 364000 | 348158 | 96 |
| വി.ഇ.ഒ | 12 | 3 | 33041664 | 13428120 | 41 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3 | 3910594 | 2622657 | 67 |
| ഡയറി ഫാം ഇൻസ്ട്രക്ടർ/എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 390000 | 290000 | 74 |
| സെക്രട്ടറി | 26 | 16 | 7474263 | 4289582 | 57 |
| ഹെഡ് മാസ്റ്റർ | 4 | 2 | 3515700 | 1378800 | 39 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 81 | 18 | 39511140 | 6229731 | 16 |
| അസി.സെക്രട്ടറി | 8 | 2 | 5420500 | 1337500 | 25 |
| ആകെ | 152 | 56 | 102634361 | 34889399 | 34 |

വിഭാവനം ചെയ്ത പ്രോജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17259 | 1527719 | 1544978 | 1156417 | 388561 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31185749 | 31185749 | 31185749 | 0 |
| ആകെ | 17259 | 32713469 | 32730727 | 32342166 | 388561 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34320 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 3830400 | 105 |
| വിധവാപെൻഷൻ | 7002600 | 585 |
| വാർദ്ധക്യകാലപെൻഷൻ | 9581100 | 1590 |
| വികലാംഗപെൻഷൻ | 1869200 | 143 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 754800 | 472 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-01-2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,770/- രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ രജിസ്റ്ററുകളിലും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്ട് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ

ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയുള്ള വാങ്ങലുകൾ ഒഴിവാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | 01.11.2021 മുതൽ 30.11.2021 | 06.01.22 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2011 മുതൽ 16.02.2011 വരെ | 2005-06 മുതൽ 2009-10 വരെ | 19.03.2011 | ഇല്ല |

## 1-11 ജിയോ ഇൻഫ്രാടെൽ മൊബൈൽ ടവർ - വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ്, സി പി കെ ടവർ, മാമംഗലം, പാലാരിവട്ടം, കൊച്ചി 4-9-2019 തീയതിൽ സമർപ്പിച്ച അപേക്ഷ പ്രകാരം പെരിങ്ങോട്ടുകറിശ്ശി 1 വില്ലേജിലെ 399/18 സർവ്വെ നമ്പറിൽ 10.01 സെന്റ് സ്ഥലത്ത് താഴെ പറയുന്ന നിർമ്മാണങ്ങൾ നടത്തുന്നതിന് എ3/ബി എ(290977)/2019 തീ 5.9.19 നമ്പറായി ബിൽഡിങ് പെർമിറ്റ് അനുവദിച്ചിരുന്നു. വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | മൊബൈൽ ടവർ | 21.62 ച.മീറ്റർ |
| 2 | ഡി ജി സെറ്റ് ക്യാബിൻ | 3.75 ച.മീറ്റർ |
| 3 | ODC ക്യാബിൻ | 2.92 ച.മീറ്റർ |
| | ആകെ | 28.29 ച.മീറ്റർ |

മേൽ പെർമിറ്റ് പ്രകാരം സ്ഥാപിച്ച മൊബൈൽ ടവറിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി ഓഡിറ്റ് തീയതി വരെ നിർണ്ണയിച്ച്, ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ ടവറിന് 2019-20 മുതൽ ബാധകമായ വസ്തുനികുതി ബാധകമായ പിഴകളുൾപ്പെടെ ഈടാക്കേണ്ടതാണ്. (അന്വേഷണം നം 12/27.1.22)

### 1-12 ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകൽ - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം

2019-20 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ കടമുറികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പെരിങ്ങോട്ടുകുറിശ്ശി ഷോപ്പിംഗ് കോംപ്ലക്സ് | പരുത്തിപ്പുള്ളി ഷോപ്പിംഗ് കോംപ്ലക്സ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ആകെ മുറികളുടെ എണ്ണം | 13 | 9 | 6 | 28 |
| പ്രവർത്തനക്ഷമമായാവയുടെ എണ്ണം | 13 | 9 | 6 | 23 |
| വാടകക്ക് നല്കിയവയുടെ എണ്ണം | 13 | 9 | 6 | 23 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 0 | 0 | 0 | 0 |
| പട്ടിക ജാതി / പട്ടിക വർഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| ഭിന്നശേഷി വിഭാഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |
| വിധവകൾക്കുള്ള സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല | | | |

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട

ആളുകൾക്കുവേണ്ടിയും, സംവരണം ചെയ്തു നൽകേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. 2019-20 വർഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും, സംവരണം ചെയ്യപ്പെട്ട മുറികളിലെ ലൈസൻസികളുടെ പേര്, വിലാസം, മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 5/19.1.22 ന് പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട 3 പേർക്കും ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട 2 പേർക്കും കടമുറികൾ അനുവദിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3)വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4)വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

ബി)2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

സി)വാടകക്കാരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ ചമക്കേണ്ടതണ്.

ഡി)വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2019-20 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകളുടെ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചു വരികയും ചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. |
|---|---|---|
| 1 | പി വൈ കെ ഫുഡ്സ് & ബിവറേജസ് പ്രൈ. ലി | 5/383 |
| 2 | ആർ എ എം ഫ്യുവൽസ് | 10/334 |
| 3 | സി കെ എം സൺസ് തിയ്യേറ്റർ | - |
| 4 | Jams Granites Pvt Ltd Quarry | 15/437 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ബി) റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനായി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

1-14 വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കണം

2019-20 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വസ്തു നികുതി ഇനം | കുടിശ്ശിക തുക (₹) |
|---|---|---|
| 1 | ഗാർഹികം (തൻവർഷം) | 33,006.00 |
| 2 | ഗാർഹികം (കുടിശ്ശിക) | 0.00 |
| 3 | ഗാർഹികേതരം (തൻവർഷം) | 48,027.00 |
| 4 | ഗാർഹികേതരം (കുടിശ്ശിക) | 68,814.00 |
| | ആകെ | 149847.00 |

കുടിശ്ശിക തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി

2019-20 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ പ്രോജക്ടുകൾ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കാതെയാണ് നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രോ.നം.71/20

പ്രോജക്ട്- എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ 5,60,000.00രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ് )

ചെലവ് - 3,50,000.00രൂപ (ബിൽ നം. 27/13.11.19)

സിൽക്ക് ഇൻവോയ്സ് നം. FUO/119-20/UR/427 തീ 122.1.19 രൂ.350000.00

2)പ്രോ.നം.114/20

പ്രോജക്ട്- തെരുവു വിളക്കുകൾ വാങ്ങൽ (സിംഗിൾ ട്യൂബ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 490000.00രൂപ (വികസന ഫണ്ട് )

ചെലവ് - 490000.00രൂപ (ബിൽ നം. 9/12.7.19 രു. 480600.00 +13/19.8.19 രു.9400.00)

സിൽക്ക് ഇൻവോയ്സ് നം. CD/18-19/R/69 തീ 15.3.19 രൂ.480600.00

എ. ലാമ്പുകളുടെ നിരക്ക്

പ്രോ.നം.71/20 പ്രകാരം 25 വാട്ടിന്റെ 100 എൽ ഇ ഡി വിളക്കുകൾ 3500.00 രൂപ നിരക്കിലും, പ്രോ.നം.114/20 പ്രകാരം 40 വാട്ടിന്റെ 356 സിംഗിൾ ട്യൂബ് തെരുവ് വിളക്കുകൾ 1350 നിരക്കിലും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ഭരണസമിതിയുടെ 19-11-18 ലെ 1(1) തീരുമാനം.
2. ഭരണസമിതിയുടെ 11-10-19 ലെ തീരുമാനം നം.2(1) തീരുമാനം.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല .

2013 ലെ സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റുകൾ തയ്യാറാക്കിയത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്റ്റിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ

പ്രോജക്ടിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിന മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പ്രോ.നം.114/20 പ്രകാരം വാങ്ങിയ ലാമ്പുകൾ സ്ഥാപിച്ചതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുമില്ല.

എഫ്) എഗ്രിമെന്റ്

1)പ്രോ.നം.114/20 പ്രകാരം വാങ്ങിയ ലാമ്പുകൾക്ക് ഒരു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. 02/SEC/PKY തീ.27.11.18.

2)പ്രോ.നം.71/20 പ്രകാരം വാങ്ങിയ ലാമ്പുകൾക്ക് രണ്ട് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. & തീ. ഇല്ല. കൂടാതെ കരാറുകളിൽ സിൽക്കിനെ വേണ്ടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും മുദ്ര പത്രങ്ങളിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതിരുന്നതും സ്ഥാപനം ഓഫർ ചെയ്ത നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3. 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.

4. തുടർ വർഷങ്ങളിൽ നിലാവ് പോലുള്ള പദ്ധതികളുടെ സാധ്യതകൾ കൂടി പരിഗണിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വെറ്ററിനറി സർജ്ജൻ -പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

2019-20 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 2 പ്രോജക്ടുകളിലായി 15 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ഫണ്ട് | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|---|
| 1 | 4/20 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 25000 | MG (നോൺ റോഡ്) | 25000 | 100 |
| 2 | 91/20 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി | 350000 | തനതു ഫണ്ട് | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 3 | 133/20 കറവ പശു (എസ്.സി വനിത) | 120000 | 90000 വികസന ഫണ്ട് + 30000 ഗുണഭോക്തൃ വിഹിതം | 0 | 0 |
| 4 | 134/20 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ | 59000 | MG (നോൺ റോഡ്) | 58030 | 98 |
| | ആകെ | 554000 | | 58030 | 15 |

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും, തനതു ഫണ്ടിൽ മതിയായ തുക നീക്കീയിരുപ്പ് ഗുണഭോക്തൃലിസ്റ്റ്, അലോട്ട്മെന്റ് എന്നിവ ഉണ്ടായിട്ടും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/17.01.2022) മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വികസന ഫണ്ടിന്റെ (എസ്.സി.പി) തൻവർഷത്തിലെ അലോട്ട്മെന്റിന്റെയും വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| 0 | 12792588 | 12792588 | 3726542 | 9066046 |

വിവിധ പ്രോജക്ടുകളിൽ സമയ ബന്ധിതമായി തുകകൾ ചെലവഴിക്കാത്തതുമൂലം 90,66,046/- രൂപ നഷ്ടമായിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പ്രോജക്ടുകൾ തയ്യാറാക്കുകയും, ഭാവിയിൽ അംഗീകാരം ലഭിച്ച എല്ലാ പ്രോജക്ടുകളും സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-17 പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- മാർഗ നിർദ്ദേശം പാലിച്ചില്ല.

2019-20 വർഷത്തിൽ പി.എച്ച്.സി യിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന്റെ ഭാഗമായി ലാപ് ടോപ്, യു.പി.എസ്, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ വിലയായി ബിൽ നം 11/20 തീയതി 27.09.19 പ്രകാരം 1,00,000/- രൂപ പ്രോജക്ട് നം.96/20 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 57000772372 എസ് ബി ഐ തിരുവനന്തപുരം) നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 96/20 പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | 100000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | ബിൽ നം 11/20 തീയതി 27.09.19 തുക 100000 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| ഇൻവോയ്സ് | PKBC/000061/06.09.19- 1,00,000/- രൂപ |

15.07.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാന പ്രകാരം പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ജി.ഓ (എം എസ്) 24/17/ഐ ടി ഡി തീ 18/.11.17, ജി.ഓ (ആർ.ടി)നം. 25/2018/ഐ ടി ഡി തീയതി 01.02.2018, സർക്കുലർ നം. ഐ.ടി.സെൽ 1/26/2019 വി.സാ.വ തീയതി 18.03.19 എന്നിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച Www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി പ്രോജക്ട് നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/17.01.2022) Cprcs മുഖാന്തിരം വാങ്ങലിന് കാലതാമസം നേരിടുന്നതിനാലും, ഫീൽഡ് ജീവനക്കാർക്ക് റിപ്പോർട്ടുകൾ അടിയന്തിരമായി അയക്കേണ്ടതിനാലാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽനിന്നും വാങ്ങിയതെന്നും, ഭാവിയിൽ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളു എന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രൊക്യൂർമേന്റ് മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

1-18 പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള 6 ക്ഷീരസംഘങ്ങളിൽ 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സംഘം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | പെരിങ്ങോട്ടുകുർശ്ശി | 91 |
| 2 | ചുലന്നൂർ | 71 |
| 3 | മണിയമ്പാറ | 90 |
| 4 | നടുവത്തപ്പാറ | 113 |
| 5 | പരുത്തിപ്പുള്ളി | 99 |
| 6 | മന്ദത്തുകാവ് | 103 |

| | | |
|---|---|---|
| 7 | ആകെ | 567 |

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 105/20 ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സ്ഡി-ജനറൽ | 90000 വികസന ഫണ്ട് | 01/20തീ.28.12.2019 | 90000 | 2019 ഏപ്രിൽ |
| | 100000 ജില്ലാ വിഹിതം- | 0 | 0 | ക്യൂ ബിൽ ആയി 2020-21 ൽ 2019 ഏപ്രിൽ മാസത്തെ വിഹിതം ആയി 100000 രൂപ നൽകിയിട്ടുണ്ട്. |
| | 200000 ബ്ലോക്ക് വിഹിതം | 2606413/31.03.2019 | 200000 | 2019 ഏപ്രിൽ, മെയ് |
| | ആകെ 390000 | ആകെ | 290000 | |

വികസന ഫണ്ടിന്റെ (ജനറൽ) തൻവർഷത്തിലെ അലോട്ട്മെന്റിന്റെയും വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| 0 | 11182921 | 11182921 | 8731239 | 2451682 |

വികസന ഫണ്ടിൽ മതിയായ തുക ലഭ്യമായിരുന്നിട്ടും ഗുണഭോക്താക്കൾക്കനുസൃതമായി തുക വകയിരുത്തിയിട്ടില്ല. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതുമൂലം 2019-20 ൽ 24,51,682/- രൂപ ലാപ്സായി. 2019 ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ആനുകൂല്യം നൽകിയിട്ടില്ല. മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/18.01.2022) പഞ്ചായത്തിലുള്ള 6 ക്ഷീരസംഘങ്ങളിലായി പ്രതിമാസം ശരാശരി 55,491 ലിറ്റർ പാല് സംഭരിച്ചിരുന്നുവെന്നും ആയതു പ്രകാരം ലിറ്ററിന് 3 രൂപ നിരക്കിൽ 19,97,700/- രൂപ ഒരു വർഷം ആവശ്യമുണ്ടെന്നും അത്രയും തുക വകയിരുത്തുന്നതിനുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് മുഴുവൻ മാസങ്ങളിലേക്കുള്ള ആനുകൂല്യം നൽകാതിരുന്നതെന്നും, വികസന ഫണ്ടിൽ അവശേഷിക്കുന്ന തുക കണ്ടെത്തി പ്രോജക്ട് ഭേദഗതി ചെയ്യാൻ സാധിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്താൻ ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-19 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടി യിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി , ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ അമൃതം ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കുത്തനൂർ (GSTIN-32AAXFA8615QIZO) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 30/20 അനുപൂരക പോഷകാഹാരം (ജനറൽ) | 35/20 അനുപൂരക പോഷകാഹാരം (എസ്.സി.പി) |
|---|---|---|
| അടങ്കൽ | വികസന ഫണ്ട് 700000 | വികസന ഫണ്ട് 800000 |
| | കേന്ദ്ര വിഹിതം 1100000 | - |
| | ആകെ 1800000 | ആകെ 800000 |
| ചെലവ് | വികസന ഫണ്ട് 698760 | 795843 |
| | കേന്ദ്ര വിഹിതം 1099554 | - |
| | ആകെ 1798314 | 795843 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ | |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻവോയിസ് നമ്പർ / തീയതി | അമൃതം ഫുഡ്സ് @70/kg | തുക |
|---|---|---|---|---|---|
| 1 | 03/20 -16.07.19 | 179277 | 403/7.3.19 | 1065 | 74550 |
| 2 | 08/20-13.01.20 | 170684 | 480/4.7.19 | 1086 | 76020 |
| കേന്ദ്ര വിഹിതം | | | | | |
| 3 | ചെക്ക് നം. 5613228/22.7.19 | 348126 | 419/5.4.19 | 1065 | 74550 |
| | | | 466/15.6.19 | 1071 | 74970 |
| 4 | ചെക്ക്നം. 5613264/6.1.20 | 412281 | 520/5.9.19 | 774 | 54180 |
| | | | 537/4.10.19 | 804 | 56280 |
| | | | 565/8.11.19 | 813 | 56910 |

| | | | | | |
|---|---|---|---|---|---|
| 5 | 2/20-16.07.19 | 178451 | 444/24.8.19 | 1071 | 74970 |
| 6 | 5/20-11.10.19 | 133551 | 503/6.8.19 | 744 | 52080 |
| 7 | 10/20-15.2.20 | 249613 | 574/6.12.19 | 780 | 54600 |
| | | | 591/7.1.20 | 792 | 55400 |
| 8 | | | | ആകെ | 704510 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത് .

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/19.01.2022) സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുകയും, ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 സംയുക്ത പ്രോജക്ടുകൾ- വരവ് -ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ട് പ്രകാരമുള്ള ചെലവുകളും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബിൽ ബുക്ക് പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക കണക്ക് പ്രകാരമുള്ള (RP-31) വരവ് തുകയും നീക്കിയിരുപ്പിന്റെയും (B-4) വിശദാംശങ്ങൾ താഴെ ചേർക്കുന്നു. കൂടാതെ ജില്ലാപഞ്ചായത്ത് വിഹിതമായി 2015-16 ൽ ലഭിച്ച 12,500/- രൂപ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും 2015-16 വർഷം മുതൽ ചെലവഴിക്കാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | വരവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 3635906 | 3544998 |
| 2 | ജില്ലാപഞ്ചായത്ത് | 781789 | 692789 |
| | ആകെ | 4417695 | 4237787 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ക്യാഷ് ബുക്ക് പ്രകാരം | | സുലേഖ പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് | |
|---|---|---|---|---|---|
| | | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 105/20 പാൽ സബ്സിഡി | 200000 | 0 | 200000 | 0 |
| കൃഷി ഓഫീസർ | 99/20 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി (ജനറൽ | 1259050 | 0 | 1259050 | 0 |
| | 100/20 നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി-എസ്.സി.പി | 38740 | 0 | 38740 | 0 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 33/20 ലൈഫ് ഭവനം-ജനറൽ | 0 | 0 | 640000 | 764000 |
| | 110/20 ലൈഫ് ഭവനം- എസ് സി.പി (സ്പിൽ ഓവർ) | 0 | 0 | 0 | 0 |
| ഹെഡ് മാസ്റ്റർ | 106/20 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 225000 | 89000 | 225000 | 89000 |
| | ആകെ | 1722790 | 89000 | 2362790 | 849000 |

ലൈഫ് ഭവന പദ്ധതിയുടെ 2019-20 വർഷത്തെ ക്യൂ ബിൽ ആയവ തൻവർഷത്തിൽ ചെലവായി രേഖപ്പെടുത്തിയതായി കാണുന്നു. സംയുക്ത പ്രോജക്റ്റുകളുടെ തുക ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുമ്പോൾ, നിർവ്വഹണ ഉദ്യോഗസ്ഥർ ഓതറൈസേഷനായി സെക്രട്ടറിക്ക് കൈമാറുമ്പോൾ, സെക്രട്ടറി ഓതറൈസേഷൻ നൽകുന്നതിനോടൊപ്പം 1 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ തുക വരവ് വെക്കേണ്ടതും, 2 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ ചെലവ് ചെയ്യേണ്ടതുമാണ്, അപ്രകാരം ചെലവ് ചെയ്യുന്ന തുക 3 ൽ തുടങ്ങുന്ന അക്കൗണ്ട് ഹെഡിൽ JV ചെയ്ത് ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ മാത്രമേ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ബാധ്യതയായി പ്രതിഫലിക്കുകയുള്ളൂ. എന്നാൽ അപ്രകാരം ചെയ്തുകാണുന്നില്ല. എല്ലാ മാസത്തിലും സംയുക്ത പ്രോജക്റ്റുകളുടെ അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശം പാലിച്ചിട്ടില്ല. വാർഷിക കണക്കിലും, ചെലവു പത്രികയിലും വ്യത്യസ്ത തുകകൾ വരവ്-ചെലവ് ആയി രേഖപ്പെടുത്തി കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/27.01.2022) ഭാവിയിൽ സംയുക്ത പ്രോജക്ടുകളുടെ വരവ് കൃത്യമായി രേഖപ്പെടുത്തുകയും, പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സൂക്ഷിക്കുന്നതാണെന്നും, ഹരിയാലി പ്രോജക്റ്റിന് ലഭിച്ച 12,500/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* 12,500/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* സംയുക്ത പ്രോജക്ടുകളുടെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-21 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില കുറവ് ചെയ്തില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില കുറവ് ചെയ്തില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ 4,330/- രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | Ss1 (182kg/barrel) | Rs1 (200kg/barrel) | S-65/vg30 (156kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് , എം | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (In Kg) | കാലി ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട ബാരൽ വില |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ബുക്ക് നം | | | | (@281/-) (238+18% GST) |
| 1 | 131/20, ചൂലന്നൂർ ശിവക്ഷേത്രം റോഡ് മെറ്റലിംഗും ടാറിംഗും (മെയിന്റെനൻസ് ഗ്രാന്റ്-റോഡ്) | ശ്രീ. രമേഷ് കെ.വി 27/19-20 | 134532 ബിൽനം. 04/23.04.20 (Vol-1) | Ss1= 172.89 | 0.95 | 1079 |
| | | | | S65= 408.83 | 2.62 | |
| | | | | Rs1= 55.935 | 0.27 | |
| | | | | ആകെ | 3.84 | |
| 2 | 128/21, പുല്ലാട്ടുപടി ചിറക്കൽ റോഡ് റീടാറിംങ് | ശ്രീ. രമേഷ് കെ.വി 31/19-20 | 263618 ബിൽനം. 08/12.01.21 (Vol-II) | Ss1= 76.5 | 0.42 | 3251 |
| | | | | Rs1= 169.875 | 0.85 | |
| | | | | S65= 1606.8 | 10.3 | |
| | | | | ആകെ | 11.57 | |
| | | | | | ആകെ | 4330 |

ഫൈനൽ ബിൽ നല്കുന്ന വേളയിൽ ബാരലുകളുടെ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. 2പ്രവൃത്തികൾക്കായി ഉപയോഗിച്ച 15.41 ബാരലുകളുടെ വില 4,330/- രൂപ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/22.01.2022) മറുപടിയായി തുക ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കിയതിന്റെ (രശീതി നം. 121020104684/24.01.2022) വിവരം അറിയിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായതിനാൽ 4,330/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. കൂടാതെ ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണ്.

## 1-22 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ- ലഘു അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 81 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 18 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 8 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 10 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹3,95,11,140/- വകയിരുത്തിയതിൽ ₹62,29,731/- ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 15.76% മാത്രമാണ്. ₹3,32,81,409/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി. 54 പ്രവൃത്തികളുടെ ബില്ലുകൾ ക്യൂ ബിൽ ആയ സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷമാണ് സ്പിൽ ഓവർ പ്രോജക്ടുകളായി വകയിരുത്തി ട്രഷറിയിൽ നിന്നും മാറിയെടുത്തത്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2275440 | 0 | 2275440 |
| വികസന ഫണ്ട് (എസ്.സി.പി) | 4260000 | 65100 | 4194900 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8653700 | 2002130 | 6651570 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2895000 | 1996755 | 898245 |
| തനതു ഫണ്ട് | 3840000 | 988144 | 2851856 |

| | | | |
|---|---|---|---|
| മെയി.ഫണ്ട്(റോഡ്) | 15519000 | 787560 | 14731440 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 2068000 | 390042 | 1677958 |
| ആകെ | 39511140 | 6229731 | 33281409 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രോജക്ട് നം. 1 17/20- വടക്കേതിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്
- പ്രോജക്ട് നം. 128/20 -കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം

3. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

4. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/22.01.2022) ക്ക് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | തിയതി | |
| 2019-20 | 12.01.2020 മുതൽ 18.01.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2018-19 | 134092 | ലൈഫ് ഭവനം (ജനറൽ) | 106267 | 27825 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1259050 | 99/20നെൽകൃഷിക്ക് കൂലിചെലവ് (ജനറൽ) | 1259050 | 0 |
| | | 38740 | 100/20 നെൽകൃഷിക്ക് കൂലി ചെലവ് (എസ് സി.പി) | 38740 | 0 |
| | | 1312172 | 110/20 ലൈഫ് ഭവനം (എസ്.സി.പി) | 0 | 1312172 |
| | | 640000 | 33/20, ലൈഫ്ഭവനം (ജനറൽ) | 0 | 640000 |
| | | 225000 | 106/20 ശാരീരീക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 225000 | 0 |
| | | 200000 | 105/20 ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| | ആകെ | 3809054 | | 1829057 | 1979997 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 760000 | 33/20 ലൈഫ്ഭവനം (ജനറൽ) | 0 | 760000 |
| | 2019-20 | 100000 | 105/20 ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 0 | 100000 |
| | 2019-20 | 89000 | 106/20 ശാരീരീക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 89000 | 0 |
| ആകെ | | 949000 | | 89000 | 860000 |

* ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3674962 രൂപയാണ് യഥാർത്ഥത്തിൽ വരവ് എന്നാൽ വാർഷിക കണക്കിൽ (RP-31) 3635906 രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്

* ജില്ലാ പഞ്ചായത്ത് വിഹിതം 949000 രൂപയാണ് യഥാർത്ഥത്തിൽ വരവ് എന്നാൽ വാർഷിക കണക്കിൽ (RP-31)781789 രൂപയാണ് വരവ് കാണിച്ചിട്ടുള്ളത് .സംയുക്ത പ്രോജക്ടിലെ തുകകളിലെ വരവ്- ചെലവ് വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകുകയും ആയത് പരാമർശമായി ഭാഗം 1ൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 10/20 സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് KSEB യ്ക്ക് തുക കൈമാറൽ | 22/23.10.19<br>38/31.01.20 | 156084<br>468301<br>624385 | 624385 | 0 |
| | 13/20 വിവിധ എസ് സി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 39/31.01.20 | 316505 | 316505 | 0 |
| | 152/20 മുഴയൻകുന്ന് കോളനി കുടിവെള്ള പദ്ധതിക്ക് 3 ഫേസ് ലൈൻ വലിക്കൽ | 35/22.01.20 | 50974 | 50974 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | LF 511/2018 | 11394105+ തൻവർഷം 2620000 ആകെ 14014105 | 11394105 | 1044118 | - | 12969987 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 957/10 തിയതി 20-3-2010 | 6863000 | 1710224 | 300000 | - | 1410224 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-1 B | 12000 | 119020104469/ 07.12.2019 | ശ്രീ.കൃഷ്ണകുമാരൻ.എം.വി. പ്രധാന അധ്യാപകൻ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | ₹65424002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹47611674 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഒന്നുമില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി 7-303/98/09.07.98 | 2 |
| 1997-98 | എൽ.എഫ്.പി 9419/99/04.11.99 | 12 |
| 1998-99 | എൽ.എഫ്.പി -15/364/03/ 13.08.2003 | 14 |
| 1999-2000 | എൽ.എഫ്.പി -15/210/09/04.05.2009 | 12 |
| 2000-01 | എൽ.എഫ്.പി -15-518/2009/7.01.2011 | 7 |
| 2001-02 | എൽ.എഫ്.പി -15-1002/2006/24.06.2008 | 12 |
| 2002-03 | എൽ.എഫ്.പി -15/1663/2011/18.10.2011 | 3 |
| 2003-04 | എൽ.എഫ്.പി -15/1642/2008/04.06.2010 | 6 |
| 2004-05 | എൽ.എഫ്.പി -15-1665/2011/18.10.2010 | 4 |
| 2005-06 | എൽ.എഫ്.പി -15-205/2011/05.03.2011 | 2 |
| 2006-07 | എൽ.എഫ്.പി -15-1645/2008/04.06.2010 | 2 |
| 2007-08 | എൽ.എഫ്.പി -സ്പെ.സെൽ/സി.എസ്.സി/ഡി13/2013 /25.05.2014 | 2 |
| 2008-09 | എൽ.എഫ്.പി -15/560/2013/23.10.2013 | 2 |
| 2009-10 | എൽ.എഫ്.പി -15/952/2010/31.08.2010 | 2 |
| 2010-11 | എൽ.എഫ്.പി -15/357/2014/05.07.2014 | 5 |
| 2011-12 | എൽ.എഫ്.പി -15/357/2014/05.07.2014 | 3 |
| 2012-13 | കെ.എസ്.എ/പി.കെ.ഡി-15/809/2017/7.12.2017 | 2 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി-15/1135/2017/19.01.2018 | 7 |
| 2015-16 | കെ.എസ്.എ/പി.കെ.ഡി-15/212/2016/9.05.2017 | 7 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി-15/1963/2017/7.03.18 | 15 |
| 2017-18 | കെ.എസ്.എ/പി.കെ.ഡി-15/2422/2018/13.02.2019 | 18 |
| 2018-19 | കെ.എസ്.എ/പി.കെ.ഡി15/814 /2020/27.05.2020 | 21 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| Peringottukurissi Grama Panchayat BALANCE SHEET | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 43108891.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7571.00 |
| 312000000 | Reserves | B-3 | 106984192.00 |
| | Total Reserve & Surplus | | 150100654.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14187865.00 |
| | Total Grants, Contributions for Specific Purposes | | 14187865.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 14380211.00 |
| | Total Loans | | 14380211.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 443676.00 |
| 350000000 | Other Liabilities | B-9 | 1007956.20 |
| | Total Current Liabilities and Provisions | | 1451632.20 |
| | TOTAL LIABILITIES | | 180120363.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 164462359.00 |
| 411000000 | Accumulated Depreciation | B-11 | -19628490.00 |
| 412000000 | Capital Work in Progress | B-11(a) | 1864400.00 |
| | Total Fixed Assets | | 146698269.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 369800.00 |
| 440000000 | Pre-paid Expenses | B-16 | 14200211.00 |
| 450000000 | Cash and Bank Balance | B-17 | 17812328.00 |
| 460000000 | Loans, Advances and Deposits | B-18 | 1039755.00 |
| | Total Current Assets, Loans and Advances | | 33422094.00 |
| | Other Assets | | |
| Miscellaneous Expenditure (To the Extent not written | | | |

| | |
|---|---|
| off) | |
| TOTAL ASSETS | 180120363.00 |

Peringottukurissi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2947403.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 401982.00 |
| 140000000 | Fee & User Charges | I-4(b) | 335244.00 |
| 150000000 | Sale & Hire Charges | I-5(b) | 85478.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 96238625.00 |
| 171000000 | Interest Earned | I-8 | 415485.00 |
| 180000000 | Other Income | I-9 | 26482.00 |
| | Total Income | | 100450699.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9028457.00 |
| 220000000 | Administrative Expenses | I-11(b) | 3040767.00 |
| 230000000 | Operations & Maintenance | I-12(b) | 2213672.00 |
| 240000000 | Interest & Finance Charges | I-13 | 1953.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4291948.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48672558.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 553073.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 385855.00 |
| 254000000 | Expenditures of Transfered | I-14(d) | 23269420.00 |

| | | | |
|---|---|---|---|
| | Institutions and State Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1232445.00 |
| 272000000 | Depreciation | I-17(a) | 19628490.00 |
| | Total Expenditure | | 112318638.00 |
| | Gross Surplus/ Deficit of income over Expenditure | | -11867939.00 |
| 280000000 | Prior Period Item | I-18 | 231160.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -12099099.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Peringottukurissi Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14546548.00 |
| Cash | Cash | RP-40(a) | 137520.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 796391.00 |
| 130000000 | Rental income from Panchayat Properties | RP-3 | 850.00 |
| 140000000 | Fees & User Charges | RP-4 | 260804.00 |
| 150000000 | Sale & Hire Charges | RP-5 | 85478.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 29571982.00 |
| 171000000 | Interest Earned | RP-9 | 415485.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13420189.00 |
| 350000000 | Other Liabilities | RP-36 | 67004.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 26482.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 2620000.00 |
| 340000000 | Deposits Received | RP-34 | 236020.00 |
| 350000000 | Other Liabilities | RP-36 | 199286.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2304785.00 |
| 460000000 | Loans, Advances | RP-47 | 735178.00 |

| | | | |
|---|---|---|---|
| | and Deposits | | |
| | Grand total | | 65424002.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3149274.00 |
| 220000000 | Administrative Expenses | RP-12 | 2934379.00 |
| 230000000 | Operations & Maintenance | RP-13 | 2213300.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3717748.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17016891.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 553073.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 85855.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 231320.00 |
| 255000000 | Maintenance Projects | RP-20 | 1232445.00 |
| 280000000 | Prior Period item | RP-26 | -84941.00 |
| 350000000 | Other Liabilities | RP-36 | 4471116.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1953.00 |
| 330000000 | Secured Loans | RP-32 | 300000.00 |
| 340000000 | Deposits Received | RP-34 | 70750.00 |
| 350000000 | Other Liabilities | RP-36 | 1505532.00 |
| 410000000 | Fixed Assets | RP-38 | 3388432.00 |
| 412000000 | Capital work in Progress | RP-40 | 2989448.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 2440000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1395099.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17805328.00 |
| Cash | Cash | RP-40(b) | 7000.00 |
| | Grand Total | | 65424002.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ശ്രേ)